LIBRARY ARCHIVES Kerala Legislative Assembly

താഴെക്കോട് ജി.എൽ.പി. സ്കൂളിന്റെ ശോചനീയാവസ്ഥ

82 [3065] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കം ഗ്രാമപഞ്ചായത്തിലെ താഴെക്കോട് ജി. എൽ. പി. സ്കൂൾ കെട്ടിടം ഏതു നിമിഷവും നിലംപൊത്തി വീഴാറായി നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടാവസ്ഥയിലായ കെട്ടിടം മാറ്റി പുതിയ കെട്ടിടം നിർമ്മിക്കണ മെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലവർഷത്തെ നേരിടാൻ ശേഷിയില്ലാത്ത ഈ സ്കൂൾ കെട്ടിടത്തി നകത്ത് വിദ്യാർത്ഥികളും അധ്യാപകരും സുരക്ഷിതരല്ല എന്ന യഥാർത്ഥ്യം ബോദ്ധ്യ മായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തു മുൻകരുതലാണ് കൈക്കൊണ്ടിട്ടുള്ള തെന്ന് വിശദമാക്കാമോ;

(ഇ) എസ്. എസ്. എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന സ്കൂൾ അനുബന്ധ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(എഫ്) ഈ കെട്ടിടത്തിന്റെ പണി നിലച്ചുപോകാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ജി) പോരായ്മകൾ പരിഹരിച്ച് ഈ സ്കൂളിലെ കുട്ടികൾക്ക് സുരക്ഷിതരായി വിദ്യാഭ്യാസം നടത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദ മാക്കാമോ?

ഉത്തരം

(എ) അപകടാവസ്ഥയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പണി പൂർണ്ണമായി പൂർത്തീകരിക്കാത്ത പുതിയ കെട്ടിടത്തിലാണ് ക്ലാസ്സുകൾ ഇപ്പോൾ നടത്തുന്നത്.

(ഇ) ഉണ്ട്.

(എഫ്) ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടാണ് പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ, ടൗൺ പ്ലാനിംഗ് അതോറിറ്റി അംഗീകരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽനിന്നും ഫണ്ട് ലഭിക്കുന്നില്ല. അതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

(ജി) പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിലേക്ക് ക്ലാസ്സുകൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രീ-ഡിഗ്രി വേർപെടുത്തിയപ്പോൾ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ (എയ്ഡഡ്) അദ്ധ്യാപകരുടെ നിയമനം

83 [3066] *ശ്രീ. തോമസ് ഉണ്ണിയാടൻ:*

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-ൽ പ്രീ-ഡിഗ്രി വേർപെടുത്തിയപ്പോൾ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ (എയ്ഡഡ്) അദ്ധ്യാപകരുടെ നിയമനത്തിന് സർക്കാർ അംഗീകാരം കൊടുത്തിട്ടുണ്ടോ;

(ബി) ഇപ്രകാരം അംഗീകാരം നൽകപ്പെടാത്ത സ്കൂളുകൾ എത്രയെന്നും ഏതെല്ലാമെന്നും വെളിപ്പെടുത്താമോ;

(സി) അംഗീകാരം നൽകപ്പെട്ടിട്ടില്ലായെങ്കിൽ അങ്ങനെയുള്ള അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) 2000-ൽ അപ്ഗ്രേഡ് ചെയ്ത എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ നിയമാനുസൃതമായി നിയമിതരായ എല്ലാ അദ്ധ്യാപകർക്കും നിയമന അംഗീകരാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly